**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2311** **03-03-2025 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ്, സ്ക്രൂട്ടിനി ഫീസ് തുടങ്ങിയവ വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവിറക്കിയതും ഇതിൽ ഇളവ് നൽകി ഉത്തരവ് ഇറക്കിയതും ഏത് തീയതി മുതൽ പ്രാബല്യം നൽകിക്കൊണ്ടാണെന്ന് അറിയിക്കുമോ; പ്രസ്തുത ഇളവുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്, അപേക് ഷ ഫീസ്, സ്ക്രൂട്ടിനി ഫീസ് എന്നിവയുടെ നി രക്ക് വർദ്ധിപ്പിച്ചു കൊണ്ട് 10.04.2023 മുത ൽ പ്രാബല്യത്തിലും പ്രസ്തുത നിരക്കുകൾ കുറവ് വരുത്തിക്കൊണ്ട് 01.08 2024 മുതൽ പ്രാബല്യത്തിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കുറവ് വരുത്തിയ നിരക്കുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) | ഫീസ് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പ്രകാരം പ്രസ്തുത ഇനങ്ങളിൽ ഫീസ് അടച്ചവർക്ക് അധികമായി അടച്ച തുക തിരികെ നൽകാൻ ഉത്തരവ് ആയിട്ടുണ്ടോ; എത്ര പേരാണ് ഇങ്ങനെ അധികമായി തുക അടച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | 10.04.2023 മുതൽ പ്രാബല്യത്തിൽ നിലവിലുണ്ടായിരുന്ന നിരക്ക് പ്രകാരം അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഒടുക്കിയവർക്ക് അധികമായി അടച്ച തുക തിരികെ നൽകുന്നതിന് 30-07-2024-ലെ സ.ഉ. (കൈ) നം.97/2024/15 /LSGDപ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം അധികമായി തുക അടച്ച 2,41,277 പേരുണ്ട്. |
| (സി) | അധികമായി അടച്ച തുക തിരിച്ച് കിട്ടാൻ ബാക്കിയുള്ള എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക തുക തിരിച്ച് നൽകാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ? | (സി) | അധികമായി അടച്ച തുക തിരിച്ച് കിട്ടാൻ ബാക്കിയുള്ള 1,54,988 അപേക്ഷകരുണ്ട്.<br><br>10.04.2023 മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിരക്കിൽ അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഒടുക്കിയവർക്ക്, അധികമായി ഒടുക്കിയ തുക 2025മാർച്ച് 31-നു മുമ്പായി തിരികെ നൽകുന്നതിന് 30-07-2024-ലെ സ.ഉ.(കൈ)നം.97/2024/LSGD പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നല്ലിയിട്ടുള്ള തും ആയതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.<br><br>1. ഗ്രാമപഞ്ചായത്തുകൾ അടുത്ത പഞ്ചായത്ത് യോഗത്തിലും മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും അടുത്ത കൗൺസിൽ |

| | | | | |
|---|---|---|---|---|
| | | | | യോഗത്തിലും അധികമായി ഈടാക്കിയ പെർമിറ്റ് ഫീസും അപേക്ഷ ഫീസും തിരികെ നൽകുന്നതിനുള്ള ഒരു പൊതു തീരുമാനം എടുക്കേണ്ടതും, തുടർ നടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തേണ്ടതുമാണ്.<br>2, അധികമായി അടവാക്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ സംവിധാനം മുഖേന നൽകുമ്പോൾ ആയതിനോടൊപ്പം പെർമിറ്റിന്റെ പകർപ്പ്, തുക അടവാക്കിയതിന്റെ രസീതു വിശദാംശങ്ങൾ(രസീത് നഷ്ടപ്പെട്ടുവെങ്കിൽ ആയതു സംബന്ധിച്ച അപേക്ഷകന്റെ സത്യപ്രസ്്താവന)എന്നിവയും അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളും ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പും ഉൾപ്പെടുത്തേണ്ടതാണ്.<br><br>3, ഇത്തരത്തിൽ ലഭിക്കുന്ന അപേക്്ഷകളിൽ അപേക്ഷകളുടെ മുൻഗണനക്രമം അനുസരിച്ച് നടപടി സ്വികരിച്ചു തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും അപേക്ഷകരുടെ ബാങ്ക് അക്കാണ്ടിലേക്ക് തിരികെ നൽകുന്നതാണ്.<br><br>4. പെർമിറ്റ് ഉടമ മരണപ്പെട്ട സംഗതികളിൽ റവന്യൂ അധികാരികളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ അനന്തരാവകാശി/ അനന്തരാവകാശികൾക്ക് ടി തുക അനുവദിക്കുന്നതാണ്. എന്നാൽ പെർമിറ്റ് മറ്റൊരാൾക്ക്കൈമാറ്റം ചെയ്ത സംഗതികളിലും, വിവിധ കാരണങ്ങളാൽ പെർമിറ്റ് റദ്ദ ചെയ്തിട്ടുള്ള സംഗതികളിലും റീഫണ്ട് അപേക്ഷ പരിഗണിക്കുന്നതല്ല.<br><br>5. അപേക്ഷകർ ആവശ്യപ്പെടുന്ന പക്ഷം തിരികെ നൽകേണ്ടുന്ന തുക വസ്തുനികുതി ഇനത്തിൽ വരവ് വച്ച് ക്രമീകരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ